ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പമ്പാ പോലീസ് സ്റ്റേഷൻ പരിധി

64 [1579] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി പ്രദേശം പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മൂന്ന് വർഷത്തിലധികമായി ഇക്കാര്യത്തിന് നിരന്തരം നിവേദനം നൽകിയിട്ടും എന്തുകൊണ്ടാണ് ഇക്കാര്യം നടപ്പാക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷൻ പരിധിമാറ്റിക്കൊണ്ട് ഉത്തരവായിട്ടില്ലെങ്കിൽ ആയതിന് ഉത്തരവ് നൽകുമോ?

ഉത്തരം

(എ), (ബി), (സി) ആന്റ് (ഡി) പമ്പാ പോലീസ് സ്റ്റേഷന്റെ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. പമ്പാവാലി-വടക്കേക്കര പ്രദേശം പമ്പാ പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നു മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിലാക്കണമെന്ന ഒരു നിർദ്ദേശവും ഈ പ്രദേശം പത്തനംതിട്ട ജില്ലയിലെ തന്നെ വെച്ചൂച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുത്തണമെന്ന മറ്റൊരു നിർദ്ദേശവുമുണ്ട്. ഈ രണ്ടു നിർദ്ദേശങ്ങളുടെയും വിവിധ വശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

നാദാപുരം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം

65 [1580] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നാദാപുരം, തൊട്ടിൽപ്പാലം, വളയം, എടച്ചേരി പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് കഴിഞ്ഞ 4 വർഷത്തിനിടയിൽ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പ്രവർത്തികളുടേയും തുക എത്രയെന്ന് വ്യക്തമാക്കാമോ; മറ്റ് വിശദാംശങ്ങളും അറിയിക്കുമോ;

(സി) സ്വന്തമായി കെട്ടിടം ഇല്ലാത്ത തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷനിൽ കെട്ടിടം പണിയാനുള്ള നടപടികൾ ഏത് വരെയായി?

ഉത്തരം

(എ) നാദാപുരത്ത് പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ബാരക്കുകൾ എന്നിവയ്ക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. പോലീസ് ക്വാർട്ടേഴ്സുകളുടെ പണി പുരോഗമിച്ചുവരുന്നു. വളയം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചു. എടച്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസുകാർക്കായി വിശ്രമ മുറിയും ടോയ്ലറ്റും നിർമ്മിച്ചു. തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) നാദാപുരം ബാരക്കുകൾ—25 ലക്ഷം രൂപ.

വളയം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം—12 ലക്ഷം രൂപ.

നാദാപുരം പോലീസ് സ്റ്റേഷൻ നിർമ്മാണം—12 ലക്ഷം രൂപ.

നാദാപുരം സി. ഐ. ഓഫീസ്—5 ലക്ഷം രൂപ.

അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം—19 ലക്ഷം രൂപ.

എടച്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസുകാർക്കായി വിശ്രമ മുറിയും ടോയ്ലറ്റും—96,000 രൂപ.

(സി) തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം എടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് ആനുകൂല്യം

66 [1581] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് ജി. ഒ. (ആർടി.) നമ്പർ 5/04/ഹോം തീയതി 1-1-2004 പ്രകാരം അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾക്കായി തിരുവനന്തപുരം വിജിലൻസ് ഡയറക്ടറേറ്റിൽ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആരൊക്കെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ; എന്നാണ് അപേക്ഷകൾ കിട്ടിയത് ; ഇതിനകം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ;

(സി) ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്താമാക്കാമോ ;

(ഡി) ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly